പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 6946 13.7.2012- ലെ മറുപടിയ്ക്ക്**

**രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്ക്കരിച്ച പദ്ധതിയാണ് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 62% കവറേജിനും 10% ഒ & എം -നും 20% സസ്റ്റൈനബിലിറ്റിക്കും 8% സപ്പോർട്ട് ആക്റ്റിവിറ്റീസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഒരാൾക്ക് 70 എൽ.പി. സി.ഡി വെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്ക്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങ ളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ളസംഭര ണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക് വെല്ലുകളുടെ പുനരുദ്ധാരണം കിണറുകളുടെ റീ ചാർജ്ജ് എന്നിവ ഉൾപ്പെടും. കൂടാതെ ഗ്രാമീണ സ്കൂളുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ പദ്ധതിയിൽ നിന്നും എസ്സി/എസ്.ടി കോള നികളിലേയ്ക്ക് ഡിസ്ട്രിക് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ബി) പുനലൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പുനലൂർ നിയോജകമണ്ഡലത്തിൽ 2012-ൽ നടന്ന എസ്.എൽ.എസ്.എസ്.സി-യിൽ കുളത്തൂപ്പുഴയും അനുബന്ധ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 1621 ലക്ഷം രൂപയ്ക്ക് ഡി.ഇ.ആർ സമർപ്പിച്ചിരുന്നു. കമ്മറ്റിയുടെ തീരുമാനപ്രകാരം പ്രസ്തുത പദ്ധതിയുടെ ഫേസ് 1-നായി 1000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിമൂലം കുളത്തൂപ്പുഴ, ഏരൂർ പഞ്ചായത്തു കൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ